# Desabhimani
# 27 August 2018
# After Flood, Carcasses of Animals, Buried at the Depth of 6 feet

## മൃഗങ്ങളുടെ ജഡം ആറടി താഴ്ചയിൽ സംസ്കരിക്കണം



**തിരുവനന്തപുരം**

പ്രളയബാധിതമേഖലയിലും പൊതു ഇടങ്ങളിലും കാണപ്പെടുന്ന മൃഗങ്ങളുടെ ജഡം സംസ്കരിക്കാൻ മൃഗസംരക്ഷണവകുപ്പിന്റെ സഹായം തേടണമെന്ന് ശുചിത്വമിഷൻ. നഗരസഭയിലെ ആരോഗ്യവിഭാഗം ഉദ്യോഗസ്ഥന്റെയും പഞ്ചായത്ത് അസി. സെക്രട്ടറിയുടെയും നിർദേശം പാലിച്ചായിരിക്കണം സംസ്കാരം.

ജലസ്രോതസ്സിൽനിന്ന് 10 മീറ്റർ മാറി അഞ്ചുമുതൽ ആറടിവരെ താഴ്ചയിൽ കുഴിയെടുത്ത് കരിയില വിതറി അതിനു മുകളിൽ മൃഗങ്ങളുടെ ജഡംവച്ച് മണ്ണിട്ട് മൂടണം. നായ്ക്കൾ മാന്താതിരിക്കാൻ ഇഷ്ടികയോ കല്ലോ വക്കണം. നീറ്റുകക്ക ലഭ്യമാണെങ്കിൽ ജഡം അതിൽ പൊതിഞ്ഞ് സംസ്കരിക്കാം. കുഴിയെടുക്കാൻ ബുദ്ധിമുട്ടുള്ള സാഹചര്യത്തിൽ തൊണ്ട്, കരിയില എന്നിവ വിതറി തൊണ്ട്, ചിരട്ട, വിറകുകൾ തുടങ്ങിയവ ഉപയോഗിച്ച് കത്തിക്കാം. ആവശ്യമെങ്കിൽ മണ്ണെണ്ണ ഉപയോഗിക്കാം.

സംസ്കരിക്കാൻ സ്ഥലം ലഭ്യമായില്ലെങ്കിൽ പൊതുസ്ഥലമോ സർക്കാർവക വെള്ളക്കെട്ടില്ലാത്ത സ്ഥലമോ കണ്ടെത്തണം. ഇതിനായി മൃഗസംരക്ഷണവകുപ്പിന്റെ അടുത്തുള്ള ഓഫീസുമായി ബന്ധപ്പെടണം.